

ജീവിതകലകളിൽ മഹത്തായതാണ്,
ഒരു പക്ഷെ ഏററവും
മഹത്തായതാണ് ധ്യാനം.
ഒരാൾക്കും ഒരാളിൽ നിന്നും ധ്യാനം
പഠിക്കാനാവില്ല.
അതാണതിൻെറ സൗന്ദര്യം.


# ജീവിതയാത്ര

ജെ. കൃഷ്ണമൂർത്തിയുടെ തത്വങ്ങൾ ഉൾക്കൊള്ളുന്ന പ്രസിദ്ധീകരണം

കൃഷ്ണമൂർത്തി ഫൗണ്ടേഷൻ ഇന്ത്യ സെപ്തംബർ-ഡിസംബർ 2005 Rs.2/- വാല്യം 1 ലക്കം 1


# വായനക്കാരോട്

കൃഷ്ണമൂർത്തി ഫൗണ്ടേഷൻെറ മലയാളം വാർത്താപത്രിക 'ജീവിതയാത്ര'യുടെ ആദ്യലക്കംവഴി നിങ്ങളു മായി ബന്ധപ്പെടുവാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് ഏറെ സന്തോഷമുണ്ട്. വിശ്വകീർത്തിമാനായ തത്വചിന്തകൻ ജെ.കൃഷ്ണമൂർത്തിയുടെ ദർശനം മലയാളി വായനക്കാർക്കിടയിലെത്തിക്കുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.



20-ാം നൂറ്റാണ്ടിൻെറ വലിയൊരു ഭാഗത്തോളം വ്യാപിച്ചു നിൽക്കുന്ന കൃഷ്ണമൂർത്തിയുടെ ജീവിതവും, ദർശനവും ആധുനിക യുഗത്തിൻെറ അവബോധത്തെ അഗാധമായി സ്പർശിക്കുകയുണ്ടായി. ജ്ഞാനി, തത്വചിന്തകൻ, പ്രബുദ്ധൻ എന്നീ നിലകളിൽ അദ്ദേഹം ലോകത്തെങ്ങുമുള്ള ധിഷണാശാലികളുടെ, സാധാരണക്കാരുടെ, ചെറുപ്പക്കാരുടെ, പ്രായമായവരുടെയൊക്കെ ജീവിതത്തെ പ്രകാശപൂർണ്ണമാക്കി. എല്ലാ മതങ്ങൾക്കും അതീതമായ ഒരു ജീവിതരീതി ചൂണ്ടിക്കാട്ടുക വഴി കൃഷ്ണമൂർത്തി മതത്തിന് പുതിയൊരർത്ഥവും, ഉള്ളടക്കവും നല്കി. സമകാലീന സമൂഹത്തിൻെറ പ്രശ്നങ്ങളെ ധീരമായി അഭിമുഖീകരിക്കാനും, മനുഷ്യ മനസ്സിൻെറ പ്രവർത്തനങ്ങളെ ശാസ്ത്രീയമായ അടിയുറപ്പോടെ വിശകലനം ചെയ്തുകാട്ടാനും അദ്ദേഹത്തിനു സാധിച്ചു. "മനുഷ്യനെ പൂർണ്ണമായും നിരുപാധികമായും മുക്തനാക്കുക"യെന്നതു മാത്രമാണ് തൻെറ ഒരേയൊരു പരിഗണന എന്നും പ്രഖ്യാപിച്ചുകൊണ്ട്, മനുഷ്യനെ അവൻെറ ദു:ഖം, ഭയം, ഹിംസാത്മകത, സ്വാർത്ഥത എന്നിവയിൽ നിന്നും വിമോചിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചു.

☞ 2

# മനുഷ്യജീവിതം

*അമേരിക്കയിലെ വാഷിങ്ടൻ ഡിസിയിൽ 1985ൽ കൃഷ്ണമൂർത്തി ചെയ്ത പ്രഭാഷണത്തിൽ നിന്ന്*

പ്രത്യേക ധർമ്മവ്യവസ്ഥയെപ്പറ്റിയോ ശാസ്ത്രത്തെപ്പറ്റിയോ തത്വശാസ്ത്രത്തെപ്പറ്റിയോ ഉള്ള ഒരു പ്രഭാഷണമല്ലിത്. പ്രത്യേക വിഷയെത്തെക്കുറിച്ച് അറിവു പകരാനോ പരിശീലിപ്പിക്കാനോ ഉദ്ദേശിക്കുന്നതാണ് പ്രഭാഷണങ്ങൾ. പക്ഷേ നമ്മളങ്ങനെയൊന്നും നടത്തുന്നില്ല. അതുകൊണ്ട് ഇതൊരു പ്രഭാഷണമല്ല, ഏതെങ്കിലും വിനോദ പരിപാടിയുമല്ല. പ്രത്യേകിച്ച് ഈ രാജ്യത്ത് വിനോദിപ്പിക്കുന്നതിലേയ്ക്ക്, രസിപ്പിക്കുന്നതിലേയ്ക്ക് ആളുകൾ ഏറെ ആകർഷിക്കപ്പെടുന്നുണ്ട്. ഇന്ന് ഉച്ചതിരിഞ്ഞും നാളെ കാലത്തുമായി നടക്കുന്ന സംവാദത്തിൽ, ജനിച്ചതു മുതൽ നാം മരിക്കുന്നതു വരെയുള്ള നമ്മുടെ നിലനിൽപിനെക്കുറിച്ച് സമഗ്ര മായി ആശയവിനിമയം നടത്താൻ പോകുകയാണ്.

അമ്പതുകൊല്ലമായാലും തൊണ്ണൂറു കൊല്ലമായാലും അതല്ലെങ്കിൽ നൂറുകൊല്ലമായാലും ആ കാലത്തിനിടയിൽ എല്ലാ വിഷമങ്ങളിലൂടെയും പ്രശ്നങ്ങളിലൂടെയും നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. സാമ്പത്തികവും സാമൂഹികവും മതപരവുമായ പ്രശ്നങ്ങൾ നമുക്കുണ്ട്. വ്യക്തിബന്ധങ്ങളുടെ പ്രശ്നങ്ങൾ, വ്യക്തിപരമായ അഭിലാഷപൂർത്തീകരണത്തിൻെറ പ്രശ്നങ്ങൾ, ഒരു സ്ഥലത്തല്ലെങ്കിൽ മറ്റൊരിടത്ത് അവനവൻെറ പേരുകൾ കണ്ടെത്താനുള്ള ആഗ്രഹത്തിൻെറ പ്രശ്നങ്ങൾ, നമ്മുക്കുള്ള മാനസികക്ഷതങ്ങൾ, ഭയപ്പാടുകൾ, ആഹ്ലാദങ്ങൾ, ഇന്ദ്രിയാനുഭൂതികൾ... മാനവ സമൂഹത്തിൽ വലിയൊരളവിൽ ഭയം നിലനിൽക്കുന്നു, വലിയൊരളവിൽ ഉൽക്കണ്ഠകൾ, സന്നിഗ്ധതകൾ, പിന്നെ ആനന്ദത്തിനു വേണ്ടിയുള്ള പരക്കംപാച്ചിലുകൾ.. ഇതു കൂടാതെ, വലിയൊരളവോളം വേദനയും ഒറ്റപ്പെടലുമെല്ലാം ഈ മനോഹരമായ ഭൂമിയിൽ മനുഷ്യർക്കുണ്ട്. മതത്തിന് ആധുനികജീവിതത്തിൽ എന്തു സ്ഥാനമാണുള്ളത്? ഇതേക്കുറിച്ചെല്ലാം നാം സംസാരിക്കാൻ പോകുകയാണ്. മരണമെന്താണെന്നതിനെക്കുറിച്ചും മതാത്മകമനസ്സ് എന്താണ്, ധ്യാനമെന്താണ് എന്നതിനെക്കുറിച്ചും ചിന്തയ്ക്കപ്പുറമെന്തെങ്കിലുമുണ്ടോ എന്നതിനെക്കുറിച്ചും, ഈ ജീവിത്തിൽ പവിത്രമായതായി എന്തെങ്കിലുമുണ്ടോ എന്നതിനെക്കുറിച്ചും

☞ 3

# വായനക്കാരോട്

ഒന്നാം പേജിൽ നിന്ന്

ജിദ്ദു കൃഷ്ണമൂർത്തി (11-05-1895 - 17-02-1986) ആന്ധ്രാപ്രദേശിലെ മദനപ്പള്ളി ഗ്രാമത്തിൽ ധർമ്മനിഷ്ടയുള്ള ഒരിടത്തരം കുടുംബത്തിൽ പിറവിയെടുത്തു. തിയോസഫിക്കൽ സൊസൈറ്റിയുടെ നേതാക്കൾ ബാലനായ കൃഷ്ണമൂർത്തിയെ കണ്ടെത്തുകയായിരുന്നു; അവർ കൃഷ്ണമുർത്തിയെ തങ്ങൾ കാത്തിരുന്ന ലോകഗുരുവാണെന്ന് പ്രഘോഷിച്ചു. യുവാവായിരിയ്ക്കെത്തന്നെ കൃഷ്ണമൂർത്തി ഗൂഢമായ ചില ആനുഭവങ്ങളിലൂടെ കടന്നു പോയത് അദ്ദേഹത്തെ ആഴത്തിൽ മാറ്റുകയും, ഇതദ്ദേഹത്തിൽ ജീവിത ത്തെപ്പറ്റിയുള്ള ഒരു പുതിയ ഉൾക്കാഴ്ച പകരുകയും ചെയ്തു. തുടർന്ന് അദ്ദേഹം, തൻെറ തനിച്ചുള്ള ദൗത്യം, ജനങ്ങളെ ഒരു ഗുരുവിൻെറ നിലയിലല്ല ഒരു സുഹൃത്തിൻെറ നിലയിൽ കാണുവാനും, സംബോധന ചെയ്യുവാനും ആരംഭിച്ചു.

1920-ൻെറ തുടക്കം മുതൽ 1986ൽ തൻെറ 91-ാം വയസു വരെ കൃഷ്ണമൂർത്തി ലോകം മുഴുവൻ ചുറ്റി സഞ്ചരിക്കുകയും, പ്രഭാഷണങ്ങൾ നടത്തുകയും, എഴുതുകയും, പണ്ഡിതന്മാരും യതികളും ഉൾപ്പെടെ ജിവിതത്തിൻെറ പല ശ്രേണികളിലുള്ള വ്യക്തികളുമായി സംവാദത്തിലേർപ്പെടുകയും ചെയ്തു; ചിലപ്പോൾ കരുണാപൂർവ്വവും, ദുഃഖശമനദായകവുമായ തൻെറ സാന്നിദ്ധ്യം തേടിയെത്തുന്ന സ്ത്രീ പുരുഷന്മാർക്കു മുന്നിൽ നിശബ്ദമിരുന്നും അദ്ദേഹം ജിവിച്ചു. അദ്ദേഹത്തിൻെറ ആശയങ്ങൾ പുസ്തകാർജിതമായ അറിവുകളിൽ നിന്നോ, പാണ്ഡിത്യത്തിൽ നിന്നോ ഉരുവായവയായിരുന്നില്ല. മറിച്ച് മനുഷ്യാവസ്ഥയുടെ ആഴമേറിയ ഉൾക്കാഴ്ചയിൽ നിന്നും പാവനമായതിനെപ്പറ്റിയുള്ള അദ്ദേഹത്തിൻെറ ദർശനങ്ങളിൽ നിന്നും ഉണ്ടായവയായിരുന്നു. അദ്ദേഹം ഒരു തരത്തിലുള്ള 'തത്വശാസ്ത്ര'ത്തെയും മുന്നോട്ടു വച്ചില്ല. മറിച്ച്, നാം നമ്മുടെ നിത്യജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളെപ്പറ്റി അദ്ദേഹം സംസാരിച്ചു. ആധുനിക സമൂഹത്തിൽ അതിൻെറ അഴിമതി, ഹിംസാത്മകത, സുരക്ഷിതത്വത്തിനും സന്തുഷ്ടിക്കും വേണ്ടിയുള്ള വ്യക്തിയുടെ അന്വേഷണം, മനുഷ്യനെ അവൻെറ കോപം, ആർത്തി, ഭയം, ദുഃഖം എന്നിവയിൽ നിന്നും മുക്തനാകേണ്ടതിൻെറ ആവകശ്യകത എന്നിവയെപ്പറ്റിയൊക്കെ അദ്ദേഹം സംസാരിച്ചു.

രണ്ടു ലോകയുദ്ധങ്ങൾ, ആറ്റത്തിൻെറ വിഭജനം, പ്രത്യയശാസ്ത്രങ്ങളുടെ പതനം, ഭൂമിക്കു നേരെ മനുഷ്യൻ നടത്തിയ രാക്ഷസീയ സംഹാരം, മനുഷ്യ ജീവിതത്തിൻെറ സർവ്വതലങ്ങളെയും ഗ്രസിച്ച ജീർണ്ണത എന്നിവയൊക്കെ കണ്ട കൃഷ്ണമൂർത്തി ഒരു നൂറ്റാണ്ടിൻെറ ഏറ്റവും പ്രക്ഷുബ്ധമായ ഒരു കാലഘട്ടത്തിൽ ജീവിച്ചു. വിവിധ സാങ്കേതിക വിദ്യകളിൽ വളരെയധികം പുരോഗതി നേടിയ ഒരു നൂറ്റാണ്ടു കൂടിയായിരുന്നു അത്. കൃഷ്ണമൂർത്തി തൻെറ ദീർഘദർശനത്തിലൂടെ വരാനിരിക്കുന്ന കാര്യങ്ങക്കെുറിച്ച് നമുക്ക് മുന്നറിയിപ്പ് നൽകി. ഭൂമിയ്ക്ക് സംഭവക്കാൻ പോകുന്ന മഹാവിനാശത്തെപ്പറ്റി നാം ബോധവാൻമാരാകുന്നതിനും ദശകങ്ങൾക്കു മുമ്പു തന്നെ, ഭൂമിയെ സംരക്ഷിക്കേണ്ടതിനെപ്പെറ്റി അതിൽ പതുക്കെ കാലടി വെയ്ക്കേണ്ടതിനെപ്പറ്റി സ്കൂളുകളിലെ കുട്ടികളെ അദ്ദേഹം ഉപദേശിച്ചു. 1970-ാം മാണ്ടോടു കൂടി അദ്ദേഹം ചോദിക്കുകയുണ്ടായി "തലച്ചോറിൻെറ മുഴുവൻ പ്രവർത്തനങ്ങളും കമ്പ്യൂട്ടർ ചെയ്യാൻ തുടങ്ങുന്നതോടു കൂടി മനുഷ്യന് എന്തു സംഭവിക്കും?"

കൃഷ്ണമൂർത്തിയുടെ സമീപനത്തിലെ ചേതസ്സമാകർഷകമായ ഘടകം, കാലഘട്ടത്തിൻെറ സാമൂഹിക, രാഷ്ട്രീയ, സാമ്പത്തിക കാര്യങ്ങളുമായി ബന്ധപ്പെട്ട് സംബോധന ചെയ്യുമ്പോൾ പോലും അദ്ദേഹത്തിൻെറ ഉത്തരങ്ങൾ ജീവിതത്തിൻെറയും സത്യത്തിൻെറയും കാലാതീതമായ ദർശനത്തിൽ വേരൂന്നിയതായിരുന്നു എന്നതത്രെ. ഏതൊരു പ്രശ്നത്തിൻെറയും പിന്നിൽ എപ്രകാരമാണ് പ്രശ്നസൃഷ്ടാവ് മറഞ്ഞു നിൽക്കുന്നതെന്നും, മനുഷ്യൻെറ മനസിൽ തന്നെ എപ്രകാരമാണ് സംഘർഷത്തിൻെറയും സംഹാരത്തിൻെറയും ഉറവിടം നിലകൊള്ളുന്നതെന്നും അദ്ദേഹം കാട്ടിത്തന്നു. സമകാലികമായ പ്രശ്നങ്ങൾക്ക് 'റെഡിമെയ്ഡായ' പരിഹാരങ്ങളൊന്നും അദ്ദേഹം ഉന്നയിക്കുന്നില്ല. കാരണം, ഇവയെല്ലാം ഓരോ മനുഷ്യൻെറയും മനസ്സിൻെറയും, ഹൃദയത്തിൻെറയും അടിത്തട്ടിൽ നിഗൂഢമായിരിക്കുന്ന ആതുരതയുടെ ലക്ഷണങ്ങൾ മാത്രമാണെന്ന് അദ്ദേഹം വ്യക്തമായി കാണുന്നു.

എക്കാലത്തെയും മഹാനായ മതാത്മകാചാര്യന്മാരിലൊരാളായി കിഴക്കും പടിഞ്ഞാറുമുള്ളവർ കൃഷ്ണമൂർത്തിയെ അംഗീകരിക്കുന്നുണ്ടെങ്കിലും അദ്ദേഹം സ്വയം ഒരു മതത്തിനോ, ഒരു വിഭാഗത്തിനോ, ഒരു രാജ്യത്തിനോ അവകാശപ്പെട്ടവനല്ല. അതുപോലെ അദ്ദേഹം രാഷ്ടീയപരമോ പ്രത്യയശാസ്ത്രപരമോ ആയ ഏതെങ്കിലുമൊരു 'സ്കൂളി'നോട്, ചിന്താപദ്ധതിയോട് ചായ്വ് പുലർത്തുന്നില്ല. മറിച്ച്, മനുഷ്യനെ മനുഷ്യനുമായി വിഭജിക്കുന്നതിലും സംഘർഷത്തിലും യുദ്ധത്തിലും എത്തിക്കുന്നതിലും ഇവയൊക്കെയാണ് പ്രമുഖമായ പങ്കുവഹിക്കുന്നതെന്നും അദ്ദേഹം സ്ഥാപിച്ചു. ആത്യന്തികമായി നാം മനുഷ്യരാണെന്നും, മറിച്ച് റക്ഷ്യക്കാരനോ, അമേരിക്കക്കാരനോ, ഇന്ത്യക്കാരനോ, പാക്കിസ്ഥാൻകാരനോ, വെവ്വേറെ മതങ്ങളിൽ പെട്ടവനോ അല്ലെന്നും കൃഷ്ണമൂർത്തി ആവർത്തിച്ചു പറഞ്ഞു. ഭൂമിയിലുള്ള ഒരു മനുഷ്യനും, മനുഷ്യരാശിയിൽ നിന്ന് ഭിന്നനല്ലെന്ന് അദ്ദേഹം പറഞ്ഞു. നമ്മുടെ ദൈനംദിന ജീവിതത്തിന് ധ്യാനാത്മകവും മതാത്മകവുമായ ഒരു മൂല്യം പകർന്നു നല്കേണ്ടതിൻെറ പ്രാധാന്യത്തെപ്പറ്റി അദ്ദേഹം ചൂണ്ടിക്കാട്ടി. അത്തരം ആത്യന്തികമായ ഒരു മാറ്റത്തിനു മാത്രമേ വിശ്വത്തിൽ ഒരു പുതിയ മനസിനെ, ഒരു നവനാഗരികതയെ ഉണ്ടാക്കാനാവൂ. അതു കൊണ്ട്, അദ്ദേഹത്തിൻെറ ആശയങ്ങൾ മനുഷ്യനിർമ്മിതമായ മതവിശ്വാസങ്ങളുടെ അതിരുകൾക്കും, ദേശീയ വികാരങ്ങൾക്കും, വിഭാഗീയ കാഴ്ചപ്പാടുകൾക്കുമൊക്കെ അതീതമായിരുന്നു. അതേ സമയം ആധുനിക മനുഷ്യൻെറ അർത്ഥത്തിനു വേണ്ടിയുള്ള, സത്യത്തിനു വേണ്ടിയുള്ള തേടലിൽ അവ പുതിയ അർത്ഥവും, ദിശാബോധവും നൽകി. അദ്ദേഹത്തിൻെറ ആശയങ്ങൾ ആധുനിക യുഗത്തിനു പ്രസക്തമാണെന്നതിനു പുറമെ അവ സമയരഹിതവും സാർവത്രികവുമാകുന്നു.

രേഖപ്പെടുത്തപ്പെട്ട ചരിത്രത്തിൽ മറ്റേതു വ്യക്തിയേക്കാളുമേറെ കൃഷ്ണമൂർത്തി ലോകത്തിൽ ഏറെ വ്യക്തികളുമായി സംസാരിച്ചെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു. ആറു പതിറ്റാണ്ടോളം അദ്ദേഹത്തിൻെറ പ്രഭാഷണങ്ങൾ കേൾക്കാൻ, പ്രത്യേകിച്ച് ഇന്ത്യയിൽ മദ്രാസ്, ന്യൂദൽഹി, ബോംബെ തുടങ്ങിയ വൻ നഗരങ്ങളിൽ, കാലിഫോർണിയയിലെ ഓഹായ് വാലിയിൽ, സ്വിറ്റ്സർലണ്ടിലെ സാനെനിൽ, ദക്ഷിണ ഇംഗ്ലണ്ടിലെ ബ്രോക്ക്വുഡ് പാർക്കിൽ അദ്ദേഹത്തെ കേൾക്കാൻ ആയിരങ്ങളെത്തി.

കൃഷ്ണമൂർത്തി ലോകാരാധ്യരായ പല വ്യക്തികളുമായി സ്വകാര്യമായും, പരസ്യമായും സംസാരിച്ചു. വിഖ്യാത ശാസ്ത്രകാരൻമാരായ ഡോ. ഡേവിഡ് ബോം, ഫ്രിജോ കാപ്രെ, നോവലിസ്റ്റായ ആൽഡസ് ഹക്സ്ലി, പോളിയോ വാക്സിൻ കണ്ടു പിടിച്ച ഡോ. ജോനസ്

സാൽക് എന്നിവർ ഇതിൽ ഉൾപ്പെടുന്നു. നാടകരചയിതാവായിരുന്ന ജോർജ് ബർണാഡ് ഷാ, കവിയായിരുന്ന ഖലീൽ ജിബ്രാൻ, പ്രശസ്ത രാഷ്ട്രീയ നേതാക്കൾ, സാഹിത്യകാരൻമാർ, മതനേതാക്കൾ, ഇവരൊക്കെ കൃഷ്ണമൂർത്തിയുടെ പ്രഭാഷണങ്ങളിലും, ആശയങ്ങളിലും ആകർഷിതരായി. കൃഷ്ണമൂർത്തിയുടെ തത്വചിന്ത പ്രായമായവർക്കും, ധൈഷണികമായ ഔന്നത്യം പുലത്തുന്നവർക്കും മാത്രമുള്ളതാണെന്ന് ചിന്തിക്കുന്നത് ഗുരുതരമായ ഒരു പാളിച്ചയാണ്. മറിച്ച് സ്ക്കൂളുകളിലെ കുട്ടികളുമായി നടത്തിയ സംഭാഷണങ്ങൾ ഏറെ താല്പര്യത്തോടെയാണ് സ്വീകരിക്കപ്പെട്ടത്, ഭയരഹിതമായും, മാത്സര്യങ്ങളില്ലാതെയും അവനവനെപ്പറ്റിയുള്ള അഗാധമായ ധാരണയോടെയും കുട്ടികൾ വളർന്നു വരണമെന്ന് ഇത്തരം സ്ക്കൂളുകൾ കൊണ്ടദ്ദേഹം ഉദ്ദേശിച്ചു. മഹാനായ ഒരു ഗുരുവായിരുന്ന അദ്ദേഹത്തിന് യുവജനങ്ങളിലേക്കെത്താൻ പ്രയാസമുണ്ടായില്ല. ഭൂമിയുടെ സൗന്ദര്യത്തിനു നേരെയും, ഒപ്പം മനുഷ്യൻെറ യാതനയ്ക്കു നേരെയും അവരുടെ സംവേദനപരതയെ ഉണർത്തിക്കൊണ്ട്, ഏറെ സങ്കീർണ്ണമായ മനുഷ്യമനസിൻെറ പ്രവർത്തനങ്ങളെപ്പറ്റി വരെയുള്ള ജീവസ്സുറ്റ ചർച്ചകളിൽ അദ്ദേഹം അവരെ പങ്കാളികളാക്കി.

ഇംഗ്ലീഷിൽ മാത്രമാണ് കൃഷ്ണമൂർത്തി സംസാരിച്ചതും എഴുതിയതുമെങ്കിലും, അദ്ദേഹത്തിൻെറ രചനകൾ 50 ലേറെ ഭാഷകളിലേക്ക് മൊഴിമാറ്റം ചെയ്യപ്പെട്ടു. ഏതാനും ദശകങ്ങളോളം അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങൾ ഏകാധിപത്യരാജ്യങ്ങളിൽ ഗൂഢമായാണ് വിതരണം ചെയ്യപ്പെട്ടത്. അദ്ദേഹത്തിൻെറ പുസ്തകങ്ങൾ ലക്ഷക്കണക്കിൽ ലോകമെമ്പാടും വിറ്റഴിക്കപ്പെട്ടു. ഒരു ലക്ഷം പേജുകളോളം വരുന്ന അച്ചടിച്ച രചനകൾ കൃഷ്ണമൂർത്തിയുടേതായുണ്ട്; 2500 ഓഡിയോ ടേപ്പുകളും, 600 വീഡിയോ ടേപ്പുകളും.

ഇത്രയുമാണദ്ദേത്തിൻെറ ഭൗതികമായ പൈതൃകം. അദ്ദേഹത്തിൻെറ ജീവിച്ചിരിക്കുന്ന പൈതൃകം ലോകത്തിലെ എണ്ണമറ്റ മനുഷ്യ ഹൃദയങ്ങളിൽ, മനസുകളിൽ കുടികൊള്ളുന്നു. അവരുടെ ജീവിതത്തെ തൻെറ അളവറ്റ വിവേകം കൊണ്ടും സർവ ജീവജാലങ്ങളോടുമുള്ള അതിരറ്റ സ്നേഹം കൊണ്ടും അദ്ദേഹം സ്പർശിക്കുകയും മാറ്റുകയും ചെയ്തു.

ജീവിതത്തിൻെറ് അന്ത്യവേളയോടടുത്ത് തൻെറ തത്വചിന്തയുടെ സംഗ്രഹമെന്നു പറയുന്നതെന്തായിരിക്കുമെന്ന ചോദ്യത്തിനുത്തരമായി കൃഷ്ണമൂർത്തി ദൃഢസ്വരത്തിൽ മൊഴിഞ്ഞു; "എവിടെ നീയുണ്ടോ, അവിടെ അപരൻ ഇല്ല". അപരനെന്നത് അദ്ദേഹം തൻെറ ജീവിതത്തിലും, ചിന്തയിലും വ്യാപിച്ചു കിടന്നിരുന്ന പാവനമായതിനെ ഉദ്ദേശിച്ചുകൊണ്ട് ഉപയോഗിക്കുന്ന ഒരു വാക്കത്രെ.

ഇതിനെപ്പറ്റിയുള്ള വായക്കാരുടെ തോന്നലുകളും നിർദ്ദേശങ്ങളും അയച്ചുതരണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൂടാതെ ഇതു വായിക്കാൻ താല്പര്യമുള്ളവരെന്ന് നിങ്ങൾക്ക് തോന്നുന്ന വ്യക്തികളുടെ പേരുകളും വിലാസങ്ങളും അയച്ചുതരുകയാണെങ്കിൽ അവർക്ക് ജീവിതയാത്ര അയച്ചുകൊടുക്കുന്നതാണ്.

എഡിറ്റർ, ജീവിതയാത്ര.

# മനുഷ്യജീവിതം

ഒന്നാം പേജിൽ നിന്ന്

ഭൗതികപ്രധാനമായ ഒരു ജീവിതം നയിക്കുന്നതു മാത്രമാണോ കാര്യം എന്നതെപ്പറ്റിയുമൊക്കെ നാം സംസാരിക്കാൻ പോകുകയാണ്.

നേരത്തെ പറഞ്ഞതുപോലെ ഇത് ഒരു പ്രഭാഷണമല്ല. നിങ്ങളും ഈ സംസാരിക്കുന്ന ആളും തമ്മിലുള്ള സംഭാഷണമാണിത്. അഭിപ്രായത്തെ മാറ്റുന്നതിനോ പ്രചാരണത്തിനോ ഉദ്ദേശമില്ലാത്ത- ഉണ്ടെങ്കിൽ അത് ഭയാനകമായിരിക്കും- ഒരു സംവാദം. പുതിയ തത്വങ്ങളോ ആശയങ്ങളോ ഇറക്കുമതി ചെയ്ത മറ്റു അസംബന്ധങ്ങളോ ഒന്നുമല്ലാത്തത്. നിങ്ങളുടെ അനുമതിയോടെ നമ്മൾ തമ്മിൽ രണ്ടു സുഹൃത്തുക്കളെപ്പോലെ നമ്മുടെ പ്രശ്നങ്ങളെക്കുറിച്ച് സംവദിക്കുന്നു. തമ്മിൽ പരിചയമില്ലെങ്കിലും നമ്മൾ സംസാരിക്കുന്നു, ചർച്ചചെയ്യുന്നു, പരസ്പരം പറയുന്നു. എന്തു ചെയ്യണമെന്നും എന്തിൽ വിശ്വസിക്കണമെന്നും വിശ്വാസത്തിൻെറ ആവശ്യമെന്തെന്നുമൊക്കെ ഉദ്ഘോഷിക്കുന്നതേക്കാൾ, ആഹ്വാനം ചെയ്യുന്നതേക്കാൾ, ഏറെ പ്രധാനമാണ് ഇത്. ഇവയ്ക്കെല്ലാം വിരുദ്ധമായി പ്രത്യേക മമതയില്ലാതെ, വ്യക്തിപരമായ താല്പര്യമില്ലാതെ, ഏതെങ്കിലും തത്വത്തിലോ പ്രശ്നത്തിലോ ഊന്നി നിൽക്കാതെ നാം നിരീക്ഷിക്കാൻ പോകുകയാണ്. മനുഷ്യവർഗ്ഗം ലോകത്തിനു വേണ്ടി എന്താണ് ചെയ്തിരിക്കുന്നത്, നമ്മൾ പരസ്പരം എന്താണു ചെയ്തിട്ടുള്ളത്, നമ്മൾ ഒരുമിച്ച് വളരെ സങ്കീർണമായ ദീർഘമേറിയ ഒരു യാത്രയ്ക്ക് പുറപ്പെടുകയാണ്. കാരണം, ഒരുമിച്ച് നടന്ന്, ഒരുമിച്ച് പരിശോധിച്ച്, നമ്മുടെ സൃഷ്ടിയായ ഈ ലോകത്തെ നോക്കികാണേണ്ടത് നിങ്ങളുടേയും അതുപോലെ പ്രഭാഷകൻേറയും കടമയാണ്.

നാം ജീവിച്ചു പോരുന്ന ഈ സമൂഹം മനുഷ്യൻ പണിതീർത്തിട്ടുള്ളതാണ്. നാമോരുത്തരും ഇതിൽ പങ്കാളിത്തം വഹിച്ചിട്ടുണ്ട്. നിങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ നമുക്കീ യാത്ര ചെയ്യാവുന്നതാണ്. നിങ്ങളും ഞാനും ഇവിടെ സന്നിഹിതരായ സ്ഥിതിയ്ക്ക് തീർച്ചയായും നമുക്കീ യാത്ര ചെയ്യണം. ജീവിതം അതിസങ്കീർണ്ണം തന്നെ. ഈ സങ്കീർണ്ണതയെ നമ്മൾ നോക്കിക്കൊണ്ടിരിക്കുന്തോറും കൂടുതൽ സങ്കീർണ്ണമായി വരുന്നു. നമ്മുടെ ബുദ്ധി കൊണ്ടും ഹൃദയം കൊണ്ടും നമ്മുടെ മുഴുവൻ സ്വാതന്ത്ര്യവുമുപയോഗിച്ച് ജീവിത്തെ നോക്കുന്നേയില്ല. ഏതായാലും നമ്മുക്കൊരുമിച്ച് യാത്ര ആരംഭിക്കാം. വസ്തുനിഷ്ഠമായി സുവ്യക്തമായി പൂർണ്ണമായും നിർമ്മമനായിട്ടാണ് പ്രഭാഷകൻ എന്താണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് വാക്കുകളിലേയ്ക്ക് പകർത്തുന്നത്..

ദശലക്ഷകണക്കിന് വർഷങ്ങൾ നാമീ ഭൂമിയിൽ പാർത്തു വന്നു. നീണ്ട ഈ കാലഘട്ടങ്ങളിലൊക്കെയും ഒറ്റപ്പെടലും നിരാശയും അനിശ്ചിതത്വവും സംഭ്രമവും തെരെഞ്ഞെടുക്കപ്പെടേണ്ടവയുടെ ആധിക്യവും അതു കൊണ്ടുള്ള സങ്കീർണ്ണതയുടെ വലിപ്പവും മനുഷ്യവർഗ്ഗത്തെ വേദനിപ്പിച്ചു. പിന്നെ, രക്തരൂക്ഷിതമായ ബാഹ്യയുദ്ധങ്ങളും മാനസികമായ സംഘർഷങ്ങളും പടക്കളം തീർത്തു കൊണ്ടിരിക്കുന്നു. ഈ ഭൂമുഖത്ത് ശാന്തി സാധ്യമാണോ എന്ന് മനുഷ്യ വർഗ്ഗം ചോദിച്ചു. ശരിക്കും സാധ്യമായില്ല എന്നത് സുവ്യക്തമാണ്. തത്വശാസ്ത്രപരമായി, സാമ്പത്തികമായി, സാമൂഹികമായി ഏതാണ്ട് നാൽപതോളം യുദ്ധങ്ങൾ വർത്തമാന കാലത്തു നടന്നു വരുന്നു. ചരിത്ര കാലഘട്ടങ്ങളിൽ അയ്യായിരമോ ആറായിരമോ വർഷങ്ങളായി വർഷന്തോറും യുദ്ധമുണ്ടായിട്ടുണ്ട്. മാത്രമല്ല ഇപ്പോഴും നാം യുദ്ധത്തിനായി തയ്യാറെടുത്തു വരികയാണ്. കമ്മ്യൂണിസ്റ്റ് എന്നതും ജനാധിപത്യമെന്നു വിളിക്കുന്നതുമായ രണ്ടു പ്രത്യയശാസ്ത്രങ്ങൾ തമ്മിൽ എന്തൊക്കെയാണ് നമ്മൾ ഉപയോഗിക്കേണ്ടത്, എന്തൊക്കെ ആയുധങ്ങൾ നമ്മുടെ അധീനതയിൽ വേണം എന്നു തുടങ്ങിയ കാര്യങ്ങളിലാണ് സംഘർ

ഷം. മനുഷ്യന് വിധിക്കപ്പെട്ടതാണ് യുദ്ധം എന്നു തോന്നുന്നു. നന്നെച്ചെറിയ രാഷ്ട്രം മുതൽ ഗോത്രസമൂഹം വരെ ആയുധക്കൂമ്പാരം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. എങ്ങിനെയീ ഭൂമുഖത്ത് ശാന്തി സാധ്യമാകും?അത് സാധ്യംതന്നെയോ?

സമാധാനം ഭൂമിയിലില്ല, പറുദീസയിലാണെന്നു പറഞ്ഞു വരുന്നു. പൗരസ്ത്യ ദേശത്തായാലും പാശ്ചാത്യ ദേശത്തായാലും വ്യത്യസ്തശൈലികളിൽ ഇതു ആവർത്തിച്ചു വരുന്നു. മറ്റു മതസ്ഥരേക്കാൾ ക്രിസ്ത്യാനികൾ ഭൂമിയിൽ കൂടുതൽ പേരെ കൊന്നിട്ടുണ്ട്. പക്ഷം ചേരാതെ നമ്മൾ ഈ വസ്തുതകളെ, യാഥാർത്ഥ്യത്തെ നിരീക്ഷിക്കുകയാണ്. ഇവിടെ വേറെയും മതങ്ങളുണ്ട്. ബുദ്ധമതത്തിൽ ദൈവമില്ല. ഹിന്ദുമതത്തിൽ മുപ്പത്തിമുക്കോടി ദൈവങ്ങളുണ്ടെന്ന് ആരോ കണക്കാക്കിയിട്ടുണ്ട്. അതൊരു രസമുള്ള കാര്യമാണ് - നിങ്ങൾക്കിഷ്ടമുള്ള ദൈവത്തെ തെരെഞ്ഞെടുക്കാം. ക്രിസ്തുമതത്തിലും ഇസ്ലാമിലും, ബൈബിൾ ഖുറാൻ എന്നീ ഗ്രന്ഥങ്ങളുടെ അടിസ്ഥാനത്തിൽ, ഒരൊറ്റ ദൈവമേയുള്ളു. ഒരു തരം മഹത്വവൽകൃത ഗോത്രസിദ്ധാന്തമായ ദേശീയബോധം ചെയ്തതു പോലെ മതങ്ങളും മനുഷ്യനെ വിഭജിച്ചു. ദേശീയബോധം, രാജ്യഭക്തി, ഇവ മതസദൃശ്യം കഠിനമാണ്. പിന്നെ, മദ്ധ്യപൗരസ്ത്യ ദേശത്തെ മതമൗലികവാദികൾ.... ഇപ്പോൾ, ഇവിടെ യൂറോപ്പിലും മതപരമായ പാരമ്പര്യത്തെ പുനരുജ്ജീവിപ്പിച്ചുകൊണ്ടു വരുന്നുണ്ട്. പുനരുജ്ജീവനമെന്ന (Reviving) വാക്ക് നിങ്ങൾ എപ്പോഴെങ്കിലും ശ്രദ്ധിച്ചിട്ടുണ്ടോ? നിർജ്ജീവമോ, മൃതപ്രായമായമോ ആയതിനെ മാത്രമേ പുനരുജ്ജീവിപ്പിക്കാനാകൂ.ജീവനുള്ളതിനെ പുനരുജ്ജീവിപ്പിക്കാൻ കഴിയില്ല.

ലോകത്തിൽ എല്ലാ വിധത്തിലുമുള്ള ദുരിതങ്ങളിലൂടെ, എല്ലാവിധത്തിലുമുള്ള ദുഃഖങ്ങളിലൂടെ വേദനയിലൂടെ ഏകാകിതയിലൂടെ കടന്നുപോകുന്ന മറ്റെല്ലാത്തിനെയും പോലെ മനുഷ്യനും സദാ സംഘർഷത്തിൽ തന്നെയാണ്. ഇതിൽ നിന്നൊക്കെ രക്ഷപ്പെടാൻ നാമാഗ്രഹിക്കുന്നു. അതുകൊണ്ടുതന്നെ ഈ അസാധാരണ പ്രതിഭാസത്തെ നമുക്കൊരുമിച്ച് നിരീക്ഷിച്ചുനോക്കാം. ആയിരത്താണ്ടുകൾക്കു ശേഷവും മനുഷ്യൻ ക്രൂരനായി വൃത്തികെട്ടവനായി ഉത്കണ്ഠയും വെറപ്പും നിറഞ്ഞവനായി, പഴയതുപോലെ കാടനായി നിലനിൽക്കുന്നത് എങ്ങിനെയെന്ന് നമുക്ക് നോക്കാം. ലോകത്ത് അക്രമം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. അതു കൊണ്ടാണ് നാം ചോദിക്കുന്നത് : ഭൂമിയിൽ ശാന്തി പുലരുമോ? കാരണം, ശാന്തിയില്ലാതെ ആന്തരികമായി പ്രഥമമായി മനഃശാന്തിയില്ലാതെ ബുദ്ധിക്ക് പ്രഫുല്ലമാകാൻ കഴിയില്ല. പൂർണ്ണമായി വിശുദ്ധമായി ജീവിക്കാൻ ആവില്ല.

ഇത്രയും ദീർഘമായ പരിണാമത്തിനു ശേഷവും കനത്ത അനുഭവങ്ങളും വിജ്ഞാനവും ഏറെ നേടിയ ശേഷവും എന്തുകൊണ്ടാണ് മനുഷ്യരായ നമ്മൾ നിരന്തര സംഘർഷത്തിൽത്തന്നെയുള്ളത്? ഇതാണ് യഥാർത്ഥ ചോദ്യം, കാരണം, സംഘർഷമില്ലെങ്കിൽ സ്വഭാവിക ശാന്തിയായി. മനുഷ്യൻ - ഇതിൽ സ്ത്രീയും ഉൾപ്പെടും; മനുഷ്യൻ എന്ന് ഞാനുപയോഗിക്കുമ്പോൾ സ്ത്രീജനത്തെ ഒഴിവാക്കുന്നില്ല-ഇതിൽ ആഹ്ലാദിക്കാനൊന്നുമില്ല. നമ്മൾ ഒരുമിച്ച് പരിശോധിച്ചു കൊണ്ടിരിക്കുമ്പോൾ കോപമരുതെന്നും സൂചിപ്പിക്കട്ടെ. വെറുതെ, ബുദ്ധിപരമായോ വാക്കാലോ അല്ല, ഹൃദയപൂർവ്വം ബുദ്ധിയോടെ, നിങ്ങളുടെ സ്വത്വം മുഴുവൻ പങ്കുകൊള്ളിച്ചു കൊണ്ട് അന്വേഷിക്കേണ്ടത് നിങ്ങളുടെ കടമയാണ്, ഇന്നത്തെ സ്ഥിതിയിൽ നാമെങ്ങിനെ എത്തിപ്പെട്ടെന്ന് കണ്ടുപിടിക്കേണ്ടത് നിങ്ങളുടെ കടമയാണ്.

പല മതധർമ്മങ്ങളും നാം ആചരിച്ചുനോക്കുകയുണ്ടായി. പല സാമ്പത്തിക സാമൂഹിക രീതികളും നമ്മൾ അനുവർത്തിച്ചു നോക്കുകയുണ്ടായി. എന്നിട്ടും നാം സംഘർഷത്തിൽ തന്നെ ജീവിക്കുന്നു. നാമോരോരുത്തർക്കും ഈ സംഘർഷത്തെ ഇല്ലായ്മ ചെയ്യാമോ? - ഭാഗികമായല്ല, ഇടനേരത്തേയ്ക്കല്ല. വളരെ ഗൗരവതരമായ ചോദ്യമാണിത്. ഇത് ഗൗരവപൂർവ്വമായ ഉത്തരം ആവശ്യപ്പെടുന്നു. സാധിക്കുമെന്നോ സാധിക്കുകയില്ലെന്നോ മറുപടി പറയരുത്. നിങ്ങളും ഒരു പക്ഷേ, ഈ പ്രഭാഷകനടങ്ങുന്ന മനുഷ്യവർഗ്ഗം എന്തുകൊണ്ട് നിരന്തരമായ സംഘർഷത്തിലും പ്രശ്നങ്ങളിലും വിഭാഗീയതകളിലും ഉൾപ്പെട്ടു ജീവിച്ചു വരുന്നു എന്നു അഗാധമായി അന്വേഷിച്ചു പോകുക. എന്തുകൊണ്ട് ഈ ലോകത്തെ നമ്മൾ ദേശീതകളും മതവിഭാഗങ്ങളും സാമൂഹ്യ നടപ്പുകളുമൊക്കെയാക്കി വിഭജിച്ചു? ഈ സംഘർഷം അവസാനിപ്പിക്കാനാകുമോ എന്ന് ഈ ഉച്ചതിരിഞ്ഞ നേരത്ത് നമുക്ക് അന്വേഷിച്ചു നോക്കാമോ? ആദ്യമായി മാനസികമായി, ആന്തരികമായി... ആന്തരികമായി സ്വാതന്ത്ര്യത്തിൻെറ ഗുണമുണ്ടെങ്കിൽ അവിടെ സംഘർഷമുണ്ടാവുകയില്ല. ഈ പറയുന്ന മനുഷ്യരെന്ന നിലയ്ക്ക് , വ്യക്തിത്വങ്ങളന്ന നിലയ്ക്ക് ഒരുമിച്ചിരുന്നുകൊണ്ട് നമ്മുടെ മസ്തിഷ്കവും നമ്മുടെ ഊർജവും നമ്മുടെ ക്ഷോഭവുമെല്ലാ ഏകോപിപ്പിച്ച് നമ്മെ അനാവരണം ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഏതെങ്കിലും തത്വചിന്തകരേയോ മനഃശാസ്ത്രവിദദ്ധരേയോ അനുസരിച്ചല്ല, നമ്മൾ നമ്മുടെ നിലയ്ക്കു തന്നെ മനുഷ്യർ തമ്മിൽ ഉള്ള സംഘർഷം അവസാനിപ്പിക്കാമോ എന്ന് കണ്ടെത്തേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്.

എന്താണീ സംഘർഷം? എന്തുകൊണ്ട് ഈ സംഘർഷവും വെച്ചുകൊണ്ട് നാം കഴിഞ്ഞു കൂടുന്നു? എന്തുകൊണ്ടാണ് നമുക്കീ പ്രശ്നങ്ങൾ? ഈ പ്രഭാഷകൻെറയൊപ്പം ഈ ചോദ്യങ്ങളിലേയ്ക്ക് കടക്കാം. പ്രശ്നമെന്നാൽ എന്താണ്? ശബ്ദോത്പത്തിശാസ്ത്രപ്രകാരം പ്രശ്നമെന്നാൽ

## വിദ്യാഭ്യാസത്തിൻെറ ചുമതല

നിങ്ങൾക്ക് ഭയമുണ്ടെന്നതിനെപ്പറ്റി നിങ്ങൾ ബോധവാനാണോ? നിശ്ചയമായും നിങ്ങൾക്ക് ഭയമുണ്ട്; ഇല്ലേ? അതോ ഭയത്തിൽ നിന്നും നിങ്ങൾ സ്വതന്ത്രനാണോ? മാതാപിതാക്കളെ, അധ്യാപകരെ, മറ്റുള്ളവരുടെ അഭിപ്രായങ്ങളെ നിങ്ങൾ ഭയപ്പെടുന്നില്ലെ? അച്ഛനമ്മമാരും സമൂഹവും അംഗീകരിക്കാത്ത ഒരു കാര്യം നിങ്ങൾ ചെയ്തുവെന്നിരിയ്ക്കട്ടെ. അപ്പോൾ നിങ്ങൾക്കും ഭയമുണ്ടാകുകയില്ലെ? നിങ്ങളുടെ ജാതിയിലോ വിഭാഗത്തിലോ പെടാത്ത ഒരാളെ വിവാഹം കഴിക്കാൻ നിങ്ങൾ ആഗ്രഹിച്ചുവെന്ന് കരുതുക; അപ്പോൾ ആളുകൾ എന്തു പറയുമെന്ന് വിചാരിച്ച് നിങ്ങൾ ആശങ്കാകുലനാകുകയില്ലെ? നിങ്ങളുടെ ഭാവിവരന് വേണ്ടത്ര പണമോ, പദവിയോ, പ്രശസ്തിയോ ഇല്ലെങ്കിൽ, നിങ്ങൾക്കു നാണക്കേടു തോന്നുമോ? സുഹൃത്തുക്കൾ തന്നെപ്പറ്റി നല്ലത് വിചാരിച്ചേക്കില്ലെന്ന് നിങ്ങൾ ഭയപ്പെടുകയില്ലേ?രോഗത്തെയും മരണത്തെയും നിങ്ങൾ ഭയപ്പെടുന്നില്ലേ?

നമ്മിലേറെപ്പേരും ചകിതരാണ്. അല്ല എന്ന് അത്ര വേഗത്തിൽ പറയേണ്ട. അതിനെക്കുറിച്ച് നാം ചിന്തിച്ചിട്ടില്ലായിരിക്കും; പക്ഷേ ആലോചിച്ചു നോക്കിയാൽ ഒരു കാര്യം നമ്മുക്കു കാണാം. ലോകത്തിൽ മിക്കവാറും എല്ലാവരും -മുതിർന്നവരും കുട്ടികളും-അവരുടെ ഹൃദയത്തെ കാർന്നു തിന്നുന്ന ഏതെങ്കിലും ഭയത്തിനിരയായിരിക്കും.ഭയമുക്തനാകാനും, തദ്വാരാ ബുദ്ധിശക്തി നേടാനും ഓരോ വ്യക്തിയേയും സഹായിക്കേണ്ടത് വിദ്യാഭ്യാസത്തിൻെറ ചുമതലയല്ലെ?

കൃഷ്ണമൂർത്തിയുടെ *ലൈഫ് എഹെഡ്* എന്ന പുസ്തകത്തിൽ നിന്ന്

പരിഭാഷ :ടി. ഗോപാലൻ

‘നിങ്ങളിലേയ്ക്ക് വലിച്ചെറിയപ്പെട്ട’ ഒന്ന് എന്നാണ്, ഒരു വെല്ലുവിളി, നിങ്ങൾഉത്തരംപറയേണ്ടഒന്ന്...

കുഞ്ഞായിരിക്കുമ്പോൾ നിങ്ങൾ സ്കൂളേയ്ക്കു പറഞ്ഞയയ്ക്കപ്പെടുന്നു. അവിടെ നിങ്ങൾക്ക് എഴുത്തിൻെറയും കണക്കിൻെറയും ചരിത്രത്തിൻെറയും കെമിസ്ട്രിയുടെയും മറ്റുമായി ഒട്ടേറെ പ്രശ്നങ്ങളുണ്ട്. അപ്പോൾ കുഞ്ഞായിരിക്കുമ്പോഴെ പ്രശ്നങ്ങളുണ്ടാകാൻ നിങ്ങൾ പരിശീലിക്കപ്പെടുന്നു. ദയവുചെയ്ത് ക്ഷമയോടിരിക്കുക. ഈ കാര്യം സശ്രദ്ധം നിരീക്ഷിക്കുക. നിങ്ങളുടെ ബുദ്ധി പ്രശ്നങ്ങളുണ്ടാകാൻ പാകപ്പെടുന്നു, പരിശീലിക്കപ്പെടുന്നു, അഭ്യസിക്കപ്പെടുന്നു, നിങ്ങൾ സ്വയം നിരീക്ഷിക്കുക. പ്രഭാഷകനെ വെറുതെ ശ്രദ്ധിച്ചതു കൊണ്ടായില്ല. നമ്മൾ ഒരുമിച്ച് പരിശോധിക്കുകയാണ്. നമ്മളുടെ പ്രശ്നങ്ങളെ നമ്മൾ നോക്കിക്കാണുകയാണ്. അപ്പോൾ, ശൈശവം മുതലേ പ്രശ്നങ്ങളുണ്ടാകാൻ നമ്മൾ പരിശീലിപ്പിക്കപ്പെടുകയും അഭ്യസിപ്പിക്കപ്പെടുകയും പാകപ്പെടുകയുമാണ്. പിന്നീട് പുതിയ പ്രശ്നങ്ങളുണ്ടാകുമ്പോൾ (തീർച്ചയായും അവ ഉണ്ടാകും) നിറയെ പ്രശ്നങ്ങളുള്ള നമ്മുടെ ബുദ്ധി മറ്റൊരു പ്രശ്നത്തെ പരിഹരിക്കാൻ ശ്രമിക്കുകയും പ്രശ്നങ്ങൾ പെരുകുകയും ചെയ്യുന്നു. ഇതാണ് ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുത്. രാഷ്ട്രീയക്കാർ ഒരു പ്രശ്നത്തിനുപുറകേ മറ്റു പ്രശ്നങ്ങളെ പെരുപ്പിച്ചു കൊണ്ടിരിക്കുകയാണ്. അവരാകട്ടെ ഒരുത്തരം കാണുന്നുമില്ല.

പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുന്ന ഒരു സ്വതന്ത്ര മനസ്സ് ഉണ്ടായിരിക്കുക സാദ്ധ്യമാണോ? പ്രശ്നജടിലമായ ഒരു തലച്ചോറു കൊണ്ടും പ്രശ്നം പരിഹരിക്കാൻ കഴിയില്ല എന്നാണ് നിങ്ങൾ പറയുന്നതെങ്കിൽ ഈ അന്വേഷണം നിങ്ങൾ അവസാനിപ്പിച്ചിരിക്കുന്നു എന്നാണ് അർത്ഥം. ഈ അന്വേഷണത്തിൽ മുഖ്യം അന്വേഷകന് ധാരാളം സംശയങ്ങളും അവിശ്വാസവും ഉണ്ടായിരിക്കണമെന്നതാണ്. ഒന്നും മുഖവിലയ്ക്കോ, സന്തോഷവും ചരിതാർത്ഥ്യവും ലഭിക്കുന്നതിനാലോ സ്വീകരിക്കരുത്, ജീവിതം ഇതേക്കാളെത്രയോഗൗരവമുള്ളതാണ്.

അപ്പോൾ, സംഘർഷത്തിൻെറയും പ്രശ്നത്തിൻെറയും പ്രകൃതത്തിലേയ്ക്ക് മാത്രമല്ല, അതേക്കാൾ പ്രാധാന്യമുള്ള മറ്റു ചിലതിലേയ്ക്കു കൂടിയാവണം നമ്മുടെ അന്വേഷണം. ലോകം മുഴുവനൊന്നു പോയിക്കാണുക. നിങ്ങളെവിടെപൊയാലും ഈ ഭൂമിയിലുള്ള ഓരോ മനുഷ്യനും, അവൻ എവിടെ വസിക്കുന്നവനായാലും എല്ലാവിധത്തിലുളള ദുഃഖങ്ങളിലൂടെയും കടന്നു പോയ്ക്കൊണ്ടിരിക്കുകയാണ്. ദശലക്ഷകണക്കിനാളുകൾ കണ്ണീർ വാർത്തു. ചിലപ്പോൾ മാത്രം തെളിയുന്ന ചിരിയോടെ. ഒറ്റപ്പെടലും നിരാശയും ഉൽകണ്ഠയും സംഘർഷവും അനിശ്ചിതത്വവും നിങ്ങളെപ്പോലെ ഭൂമുഖത്തെ മനുഷ്യർക്കെല്ലാമുണ്ടായിട്ടുണ്ട്. കറുത്ത വർഗ്ഗക്കാരനായാലും വെളുത്ത വർഗ്ഗക്കാരനാലും അല്ലെങ്കിൽ നിങ്ങൾക്കിഷ്ട നിറമാർന്ന ഏതു വ്യക്തിയാണെങ്കിലും മനശ്ശാസ്ത്രപരമായി ഈ പറഞ്ഞത് ഒരു വസ്തുതയാണ്, യാഥാർത്ഥ്യമാണ്. ഇത് ഈ പ്രഭാഷകൻ കണ്ടുപിടിച്ചതൊന്നുമല്ല. നിരീക്ഷിച്ചറിയാവുന്നതാണ്. ഭൂമിയിൽ ഏതു മുഖത്തിലും നിങ്ങൾക്കിത് കാണാം. അതുപോലെ മാനസികമായി മറ്റു മനുഷ്യരെപ്പോലെയാണ്. നിങ്ങൾ ഉയരമുള്ള മനുഷ്യനാകാം, കുറിയ ആളാകാം. കറുപ്പോ, വെളുപ്പോ ആകാം. മാനസികമായി മറ്റു മനുഷ്യരെപ്പോലെയാണ് നിങ്ങൾ. ദയവുചെയ്തു ഇതു മനസിലാക്കുക. ബുദ്ധിപരമായല്ല, പ്രത്യയശാസ്ത്രപരമായല്ല, ഊഹവുമല്ല, - യഥാർത്ഥമായി, തീഷ്ണമായ യാഥാർത്ഥ്യമായി - നിങ്ങൾ മാനസികമായി മറ്റുള്ളവരെപ്പോലെയാണ്. അതുകൊണ്ട് മനഃശാസ്ത്രപരമായി നിങ്ങൾ വ്യക്തികളല്ല. ഹിന്ദുമതത്തിൻെറയും ബുദ്ധമതത്തിൻെയും ചില ഭാഗങ്ങളെ ഒഴിച്ചു നിർത്തിയാൽ എല്ലാ മതങ്ങളും മനുഷ്യൻെറ വ്യക്തിപരമായ വളർച്ചയെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്, അംഗീകരിച്ചിട്ടുണ്ട് - വ്യക്തിയുടെ ആത്മാവിനു വേണ്ടി എന്നൊക്കെ. പക്ഷെ യഥാർത്ഥമായി നിങ്ങളുടെ ബോധം നിങ്ങളുടെതല്ല. അതു മനുഷ്യവർഗ്ഗത്തിൻെറ, മറ്റു മനുഷ്യരുടെ തന്നെയാണ്. കാരണം നാമെല്ലാം ഒരേ യന്ത്രത്തിലൂടെ കടന്നു പോകുന്നവരാണ്, തീരാത്ത ഒരേ സംഘർഷത്തിലൂടെ.

ഇത് വികാരപരമായോ, ആശയപരമായോ അല്ലാതെ ശരിക്കും ഉണ്മയായി, യാഥാർത്ഥമായി, മനസ്സിലാക്കുമ്പോൾ - അപ്പോൾ നിങ്ങൾ മറെറാരു മനുഷ്യനെകൊലപ്പെടുത്തില്ല വാക്കു കൊണ്ടൊ, ബുദ്ധി കൊണ്ടൊ, ആദർശം കൊണ്ടൊ, ശാരീരികമായൊ - കാരണം നിങ്ങൾ കൊല്ലുന്നത് നിങ്ങളെത്തന്നെയാണ്. പക്ഷേ, ലോകമെങ്ങും വ്യക്തിത്വം പ്രോത്സാഹിപ്പിക്കപ്പെടുകയാണ്. ഓരോ മനുഷ്യനും അവനവന് വേണ്ടി ബുദ്ധി മുട്ടുകയാണ് - അവൻെറ വിജയത്തിനു വേണ്ടി, ആഗ്രഹസാക്ഷാത്കാരത്തിനു വേണ്ടി - അവൻെറ ആഗ്രഹങ്ങളെ പിൻപറ്റിക്കൊണ്ടും ലോകത്തിൽ നാശം വിതച്ചു കൊണ്ടും . ദയവു ചെയ്ത് ഇത് മനസിലാക്കുക.

## അറിഞ്ഞതിൽ നിന്നുള്ള മോചനം



ജിദ്ദു കൃഷ്ണമൂർത്തിയുടെ ‘ഫ്രീഡം ഫ്രം ദ നോൺ‘ എന്ന പുസ്തകത്തിൻെറ മലയാള പരിഭാഷ : ‘അറിഞ്ഞതിൽ നിന്നുളള മോചനം’ എന്ന പേരിൽ ഡി.സി. ബുക്സ് പ്രസിദ്ധീകരിക്കുന്നു. കൃഷ്ണമൂർത്തിയുടെ തത്വചിന്തകളുടെ കാതലാണ് ഈ പുസ്തകം. എം.ടി.എൻ. നായർ പരിഭാഷചെയ്ത ഈ പ്രസിദ്ധീകരണം ഡി.സി.ബുക്സിൻെറയും, കറൻറ് ബുക്സിൻെറയും ശാഖകളിൽ നിന്ന് ഒക്ടോബർ’05 മുതൽ ലഭ്യമാണ്.

വില രൂ. 55/-, പേജുകൾ - 116

ഓരോ വ്യക്തിയും പ്രധാനമെന്നു പറയുകയല്ല. പറയുന്നത് മറിച്ചാണ്. ലോകസമാധാനത്തെക്കുറിച്ച് നിങ്ങൾ വേവലാതിപ്പെടുന്നുണ്ടെങ്കിൽ -- നിങ്ങളുടെ അടുക്കളമുറ്റത്തെ ശാന്തിയെപ്പറ്റിയല്ല. രാഷ്ട്രങ്ങളിപ്പോൾ അടുക്കളമുറ്റമായി മാറിയിട്ടുണ്ട്. ഇത് ഗൗരവത്തോടെ കാണുന്നവർക്കൊപ്പം നിങ്ങളും മനുഷ്യവർഗ്ഗത്തിൻെറ ബാക്കിയാണെന്ന് ശരിക്കും വേവലാതിപ്പെടുന്നുണ്ടങ്കിൽ -- അത് ഒരു വലിയ ഉത്തരവാദിത്വമായിരിക്കും.

ഇന്നത്തെ നിലയിലേയ്ക്ക് ലോകത്തെ എന്തുകൊണ്ട് മനുഷ്യർ ചുരുക്കിക്കളഞ്ഞു എന്നു മനസിലാക്കാനായി നമുക്കൽപം പിന്നാക്കം പോകേണ്ടിയിരിക്കുന്നു. ഇതിനെല്ലാം കാരണമെന്താണ്? എന്തു കൊണ്ടാണ് നമ്മുടെ വ്യക്തിബന്ധങ്ങളിൽ ഈ സംഘർഷങ്ങൾ? ദൈവങ്ങൾ തമ്മിൽ എന്തുകൊണ്ട് ഈ സംഘർഷങ്ങൾ? നിങ്ങളുടെ ദൈവം, മറ്റവൻെറ ദൈവം? -- ഈ സംഘർഷം അവസാനിപ്പിക്കുവാൻ സാധ്യമോ എന്ന് നമുക്കൊരുമിച്ച് അന്വേഷിക്കേണ്ടതുണ്ട്. അല്ലെങ്കിൽ ഈ ലോകത്ത് ശാന്തി ഉണ്ടാവുകയേയില്ല.

ക്രിസ്തുമതത്തിനു വളരെ മുൻപു തന്നെ ഭൂമിയിലെ സമാധാനത്തെക്കുറിച്ച് അന്നുള്ളവർ സംസാരിച്ചിരുന്നു. അവർ മരങ്ങളേയും കല്ലുകളേയും മൃഗങ്ങളേയും മിന്നലിനേയും സൂര്യനേയും ആരാധിച്ചിരുന്നു. ദൈവത്തെക്കുറിച്ച് അന്നൊരു വിവരവും ഇല്ലായിരുന്നു. കാരണം ഭൂമിയെ അവർ ആരാധിക്കേണ്ട അമ്മയായി കണ്ടു. സംരക്ഷിക്കപ്പെടേണ്ടവളാണെന്നു കണ്ടു. ഇപ്പോൾ നാം ചെയ്യുന്നതു പോലെ നശിപ്പിക്കാനുള്ളതല്ലെന്ന് കണ്ടു.

അങ്ങിനെയിരിക്കേ, നമുക്ക് ഇതെല്ലാം ഒരുമിച്ച് അന്വേഷിക്കാം. ഒരുമിച്ച് എന്നു പറഞ്ഞതിന് ഞാനർത്ഥമാക്കുന്നത് ഞാനാരായുകയും നിങ്ങൾ ലാഘവത്തോടെ കേൾക്കുകയും യോജിക്കുകയോ, വിയോജിക്കുകയോ ചെയ്യുകയും എന്നല്ല. ഈ ഉച്ചതിരിഞ്ഞ നേരത്ത് നമുക്ക് യോജിക്കുക, വിയോജിക്കുക എന്നുള്ള ആശയമെല്ലാം മാറ്റിവച്ചു കൂടെ? നിങ്ങൾ ആങ്ങിനെ ചെയ്യാമോ, എങ്കിൽ നമുക്ക് വസ്തുതക അങ്ങിനെതന്നെ നോക്കി കാണാം-- നിങ്ങൾ ഇഷ്ടമനുസരിച്ച് വിചാരിക്കുന്നതിനനുസരിച്ചല്ല, 'എന്താണതെന്ന്' നിങ്ങളുടെ ആശയങ്ങളോ ഭാവനകളോ ഇല്ലാതെ നിരീക്ഷിക്കുക, സാധിക്കുമെങ്കിൽ, വാക്കുകളിൽകൂടിയല്ലാതെ-- അതു വളരെയധികം വിഷമം പിടിച്ചതാണ്.

എല്ലാറ്റിനുമാദ്യമായി... ഇതാണ് നാം ജീവിക്കുന്ന യഥാർത്ഥലോകം. സന്യാസിമഠങ്ങളിലൂടെയോ, മതപരമായ അനുഭവങ്ങളിലൂടെയോ ഒന്നും നിങ്ങൾക്കിതിൽ നിന്നും രക്ഷനേടാൻ കഴിയുകയില്ല--തൻെറ എല്ലാ അനുഭവങ്ങളെയും സംശയിക്കേണ്ടിയിരിക്കുന്നു. ദൈനംദിന ജീവിതത്തിൻെറ സർവ്വവിധ സങ്കീർണ്ണതകളിൽ നിന്നും ഓടി രക്ഷപ്പെടാൻ വേണ്ടി മനുഷ്യൻ കഴിയുന്നതെല്ലാം ചെയ്തിട്ടുണ്ട്. സ്ത്രീപുരുഷൻമാരുടെ പരസ്പരബന്ധങ്ങളിൽ സംഘർഷവും ലൈംഗിക-വൈകാരിക വിഭജനവും എന്ത്കൊണ്ട്? സ്വന്തം അത്യാർത്തിയേയും ദുരയേയും ആശകളേയും സപൂർത്തീകരണങ്ങളേയും ഈ പ്രത്യേകബന്ധത്തിൽ പുരുഷൻ പിന്തുടരുന്നു. സ്ത്രീയും ഇത് തന്നെയാണ് ചെയ്യുന്നത്. നിങ്ങൾ ഇതെല്ലാം ശ്രദ്ധിച്ചിട്ടുണ്ടോ എന്നെനിക്കറിയില്ല. അങ്ങനെ ആഗ്രഹികളായ ആശകളാൽ നയിക്കപ്പെടുന്ന രണ്ടു ജീവികൾ -- ലൈംഗികമായല്ലാതെ ഒരിക്കലും കൂട്ടിമുട്ടാത്ത രണ്ട് സമാന്തര രേകഖൾ. സ്വന്തം ആഗ്രഹങ്ങളിൽ, ആർത്തികളിൽ, ദുരകളിൽ മുഴുകി അനുധാവനം ചെയ്യുന്ന രണ്ടാളുകൾ തമ്മിൽ എങ്ങനെയാണ് പരസ്പരം ബന്ധമുണ്ടാകുന്നത്?

വിഭജനമാണീ ബന്ധത്തിലുള്ളത് എന്നതിനാൽ സ്നേഹമില്ല. നശിപ്പിക്കപ്പെട്ട വാക്കാണ് സ്നേഹം. മനുഷ്യൻ തുപ്പിക്കളഞ്ഞ് അപമാനിച്ച വാക്ക്. നിലവാരത്തകർച്ച സംഭവിച്ച വാക്കാണ് അത്. ബാഹ്യസന്തോഷത്തേയും ഇന്ദ്രിയാനുഭൂതിയേയും മാത്രം കുറിക്കുന്നത്. സ്നേഹം ഇന്ദ്രിയസന്തോഷമല്ല, ചിന്തകൊണ്ട്മെനഞ്ഞെടുത്തതല്ല, ഇന്ദ്രിയാനുഭവത്തെ ആശ്രയിക്കുന്നതല്ല. അങ്ങിനെയാണെങ്കിൽ തങ്ങളുടെ പ്രാധാന്യം മാത്രം കരുതുന്ന രണ്ടു പേർ തമ്മിൽ എങ്ങിനെ ശരിയായ യാഥാർത്ഥ്യമായ ബന്ധം ഉണ്ടാകും? രാഷ്ട്രീയക്കാരനായാലും മതവിശ്വാസിയായാലും സ്വാർത്ഥത എന്നത് അഴിമതിയുടെയും നാശത്തിൻെറയും ആരംഭമാണ്. സ്വാർത്ഥം ലോകത്തിൽ ആധിപത്യം പുലർത്തുന്നു, അതുകൊണ്ട് സംഘർഷവും.

എവിടെ രണ്ടെന്ന ധാരണയുണ്ടോ, വിഭിന്നതയുണ്ടോ, അവിടെ വേർതിരിവുണ്ട് -- ജൂതൻ, അറബി ഏതെങ്കിലും രക്ഷകനിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനി, അതിൽ വിശ്വസിക്കാത്ത ഹിന്ദു എന്നിങ്ങനെ. ദേശീയതയുണ്ടാക്കുന്ന വേർതിരിവ്, മതങ്ങളുണ്ടാക്കുന്ന വേർതിരിവ്, വ്യക്തികൾ തമ്മിലുള്ള വേർതിരിവ്-എവിടെ വേർതിരിവുണ്ടോ അവിടെ സംഘർഷമുണ്ട്. അത് നിയമമാണ്. ഒരു നുറുങ്ങുവട്ടത്തെ വ്യക്തിത്വവുമായി പരിമിതമായ വ്യക്തിത്വവുമായി നാം നിത്യജീവിതം കഴിക്കുന്നു. നമ്മുടെ വ്യക്തിത്വം എപ്പോഴും പരിമിതമാണ്. അതാണ് സംഘർത്തിൻെറ കാരണം. നമ്മുടെ യാതനയുടെ, വേദനയുടെ, ഉൽക്കണ്ഠയുടെമറ്റെല്ലാം കേന്ദ്രബിന്ദു ഇതാണ്.

മിക്കവാറുമെല്ലാവരുമെന്നപോലെ നമ്മളും സ്വഭാവികമായി ഇതേക്കുറിച്ച് ബോധവാന്മാരാകുന്നു - ആരെങ്കിലും പറഞ്ഞുകേട്ടതു കൊണ്ടോ ചില തത്വശാസ്ത്ര മനശ്ശാസ്ത്ര ഗ്രന്ഥങ്ങൾ വായിച്ചതുകൊണ്ടോ അല്ല, ഇത് ഒരു യഥാർത്ഥമായ വസ്തുതയാണെന്ന റിയുന്നതുകൊണ്ട്, ഓരോ മനുഷ്യനും അവനവനെക്കുറിച്ച് തല്പരനാണ്. അതിനാൽ നിങ്ങളും മറ്റുള്ളവരും തമ്മിൽ ഒരു വേർതിരിവുണ്ട്: നിങ്ങളും നിങ്ങളുടെ മതവും തമ്മിൽ, നിങ്ങളും നിങ്ങളുടെ ദൈവവും തമ്മിൽ, നിങ്ങളും നിങ്ങളുടെ പ്രത്യയശാസ്ത്രവും തമ്മിൽ. അതുകൊണ്ട് നിങ്ങളും ആ മനുഷ്യവർഗ്ഗം തന്നെയാണെന്ന് മനസിലാക്കാൻ കഴിയുന്നുണ്ടോ? - ബുദ്ധിപരമായല്ലാതെ, ആഴത്തിൽ. നന്മയായാലും തിന്മയായാലും നിങ്ങൾ എന്തു തന്നെ ചെയ്താലും ശരി, അത് മറ്റു മനുഷ്യരെ ബാധിക്കും. കാരണം, നിങ്ങൾ മനുഷ്യവർഗ്ഗം തന്നെയാണ്.

നിങ്ങളുടെ ബോധം നിങ്ങളുടെയല്ല. നിങ്ങളുടെ ബോധം അതിൻെറ ഉള്ളടക്കം കൊണ്ട് സൃഷ്ടിക്കപ്പെട്ടതാണ്. ഉള്ളടക്കമില്ലെങ്കിൽ ബോധമില്ല. നിങ്ങളുടെ ബോധവും മറ്റുമനുഷ്യരുടേതുപോലെ വിശ്വാസങ്ങൾ കൊണ്ടും ദൈവങ്ങളെക്കൊണ്ടും വ്യക്തിപരമായ ഉൽകർഷേച്ഛകൾ കൊണ്ടും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം ചേർത്തുള്ളതാണ് നിങ്ങളുടെ ബോധം. ചിന്തയുടെ സൃഷ്ടി.

നമ്മൾ ഒരുമിച്ചു യാത്ര ചെയ്യുകയാണെന്ന് പ്രതീക്ഷിക്കുന്നു. നമ്മളൊരുമിച്ച് ഒരേ വഴിയിലൂടെ നടന്നുപോകുകയാണ്. കേവലം ആശയങ്ങളുടെ ഒരു പരമ്പരയെ ശ്രദ്ധിക്കുകയല്ല നിങ്ങൾ ചെയ്യുന്നത്. ആശയങ്ങളേയും പ്രത്യയശാസ്ത്രങ്ങളെയും പിന്തുടരുകയല്ല നമ്മൾ. യഥാതഥമായതിനെ യാഥാർത്ഥ്യത്തെ ആഭിമുഖീകരിക്കുകയാണ് നമ്മൾ. കാരണം യാഥാർത്ഥ്യത്തിലുംആ യാഥാർത്ഥ്യ ത്തിനപ്പുറത്തേയ്ക്ക് പോവുന്നതു മാണ് സത്യം. ആ സത്യമാകട്ടെ ഏറ്റവും ആപൽക്കാരിയായ ഒന്നാണ്. സത്യം ആപൽക്കരമാകുന്നത് നമ്മിലത് മാറ്റമുണ്ടാക്കുന്നതുകൊണ്ടാണ്.

പരിഭാഷ: പി.എസ്. നമ്പീശൻ

തുടരും...

*Published in September, January and May*

**Periodical**

*In undelivered please return to :*
KRISHNAMURTI FOUNDATION INDIA
Vasanta Vihar, 124, Greenways Road
Chennai-600 028. Tel. : 24937803 / 596
E-mail : publications@kfionline.org.
Websites : www.kfionline.org / www.jkrishnamurti.org

*Published by G. Rajeev on behalf of the Krishnamurti Foundation India, Vasanta Vihar, 124, Greenways Road, Chennai-600 028.*
*Printed by N. Subramanian at Sudarsan Graphics Offset Press, 27, Neelakanta Mehta Street, T.Nagar, Chennai-600 017. Editor : K. Krishnamurthy*